
# അരാഷ്ട്രീയവൽക്കരണം ജനാധിപത്യത്തെ തകർക്കും

**2011 ജൂൺ 19**





അഴിമതിയും കള്ളപ്പണവും ഇന്ന് രാജ്യത്താകെ ചർച്ചചെയ്യപ്പെടുന്ന വിഷയമാണ്. സമീപ കാലത്ത് വെളിപ്പെടുത്തപ്പെട്ട വൻ അഴിമതികൾ, അതേത്തുടർന്നുണ്ടായ കേസുകൾ, അതിലൊക്കെപ്പെട്ട് ജയിലിൽ കഴിയാൻ നിർബന്ധിതരായ മന്ത്രിമാരും, എംപിമാരും, ഉദ്യോഗസ്ഥ പ്രമുഖരും സമ്പന്നരായ പ്രമാണിമാരുമൊക്കെ, ഈ പ്രശ്നത്തിന്റെ ഗൗരവത്തിലേക്ക് വിരൽ ചൂണ്ടുന്നു. നമ്മുടെ ഏറ്റവും പുതിയ ലോക്സഭയിൽ കോടീശ്വരന്മാർക്കും, ദശകോടീശ്വരന്മാർക്കും, പിന്നെ കടുത്ത കുറ്റവാളികൾക്കും ഭൂരിപക്ഷം! സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരുന്നവരുൾപ്പെടെ നിരവധി ന്യായാധിപന്മാർ ഇന്ന് അഴിമതി യുടെ കരിനിഴലിലാണ്. നമ്മുടെ കോർപ്പറേറ്റ് മേഖല അഴിമതിയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് നാം കണ്ടു. നീരാ റാഡിയ, ടേപ്പ് കോർപ്പറേറ്റ് ഇടപാടുകാർക്കുള്ള മീഡിയ ബന്ധം വെളിപ്പെടുത്തിയപ്പോൾ ടാറ്റയും റിലയൻസുമൊക്കെ അഴിമതികളുടെ അളിഞ്ഞ കേസുകളിൽ കുടുങ്ങി ക്കിടക്കുകയാണ്. അധികം വൈകാതെ അഴിമതിക്കാരനായ ഒരു ജഡ്ജിയെ പാർലമെന്റ് ഇംപീച്ച് ചെയ്യാൻ പോവുകയാണ്. ആ ശ്രമം വിജയിക്കുമോ എന്ന് ഉറപ്പുപറയാൻ കഴിയില്ല. അഴിമതിയിൽ മൂക്കറ്റം മുങ്ങിയ ഒരു ജഡ്ജിയായിരുന്നു പാർലമെന്റ് ഇംപീച്ച് ചെയ്യാൻ ഒരിക്കൽ ശ്രമിച്ച ജസ്റ്റിസ് രാമസ്വാമി. പാർലമെന്റിൽ അന്ന് വക്കീലെന്ന നിലയിൽ അഴിമതിക്കാരനായ ജസ്റ്റിസിന്റെ കേസുവാദിച്ചത് ഇന്നത്തെ കേന്ദ്രമന്ത്രി കപിൽ സിബൽ ആയിരുന്നു. അദ്ദേഹം കേസു നന്നായി വാദിച്ചു. പക്ഷെ ഒരു എം പിപോലും അദ്ദേഹത്തിന്റെ വാദം കേട്ട് മനം മാറിയില്ല. ഒരാളുടെയും പിന്തുണ പാർലമെന്റിൽ നിന്നും കിട്ടിയില്ലെങ്കിലും ജസ്റ്റിസ് രാമസ്വാമി രക്ഷപ്പെട്ടു. കോൺഗ്രസിന് നന്ദി. അന്ന് അവരെടുത്ത തീരുമാനമാണ് രാമസ്വാമിയെ രക്ഷപ്പെടുത്തുവാൻ പഴുത് സൃഷ്ടിച്ചത്. ഇംപീച്ച്മെന്റ് പ്രമേയം വോട്ടിനിട്ടപ്പോൾ കോൺഗ്രസ് നിഷ്പക്ഷത പാലിക്കാൻ തീരുമാനിച്ചത് കൊണ്ടാണത് സംഭവിച്ചത്. കാരണം ജസ്റ്റിസു മാരെ ഇംപീച്ച് ചെയ്യണമെങ്കിൽ പ്രമേയത്തിന് അനുകൂലമായി മൂന്നിൽ രണ്ട് എംപിമാർ വോട്ട് ചെയ്യണം. കോൺഗ്രസിന്റെ നിഷ്പക്ഷത ഇംപീച്ച്മെന്റ് പ്രമേയം പരാജയപ്പെടുന്നതിൻ വഴിവച്ചു. അഴിമതി ക്കാരനായ ജസ്റ്റിസ് രാമസ്വാമി രക്ഷപ്പെട്ടു.



നീരാ റാഡിയ



ജസ്റ്റിസ് രാമസ്വാമി



കപിൽ സിബൽ

ഈ സംഭവങ്ങളൊക്കെ ജനത്തിന്റെ മനസ് മടുപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടാണ് അഴിമതിക്കെതിരെ ശബ്ദമുയർത്തുന്നവരുടെ പിന്നിൽ ജനം അണിനിരക്കുന്നത്; അവർ ആരെന്ന് നോക്കാതെതന്നെ.

ഈ വലിയ അഴിമതിയുടെ മറ്റൊരു മുഖമാണ് കള്ളപ്പണം, സ്വദേശിയും വിദേശീയുമുൾപ്പെടെ. കഴിഞ്ഞ 8 വർഷക്കാലത്തെ മാത്രം വിദേശകള്ളപ്പണ ത്തിന്റെ കണക്ക് 4.8 ലക്ഷം കോടി രൂപ എന്നതാണ്. സ്വാതന്ത്ര്യാ നന്തര ഇന്ത്യയിൽ ദശാബ്ദങ്ങളിലൂടെ സൃഷ്ടിക്കപ്പെട്ട കള്ളപ്പണത്തിന്റെ സാമ്രാജ്യം എത്രയോ വലുതാണ്.

ഈ പ്രശ്നങ്ങൾ നിരന്തരം പാർലമെന്റിലും പൊതുവേദികളിലും തുടർച്ചയായി ഉന്നയിക്കുകയും, ശക്തവും മൂർച്ചയുള്ളതുമായ നിയമങ്ങളും ഭരണനടപടികളും വേണമെന്ന് ശക്തമായി വാദിക്കുകയും ചെയ്തത് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷങ്ങളും പുരോഗമന ചിന്താഗതിയുള്ള കോൺഗ്രസുകാരു മുൾപ്പെട്ട വലിയൊരു ജനാധിപത്യശക്തിയാണ്. ഈ പ്രശ്നത്തിൽ കേന്ദ്രം ഭരിച്ച സർക്കാരുകളൊക്കെ ഒളിച്ചുകളിയാണ് നടത്തിയിട്ടുള്ളത്.

ഇത്തരം ഒരു ഗൗരവമേറിയ പ്രശ്നം ആഴത്തിൽ പഠിക്കാതെയും കൈകാര്യം ചെയ്യാതെയും ഇതൊരു ധാർമ്മിക പ്രശ്നമെന്ന നിലയിൽ ഇതിനെ സമീപിച്ച് തങ്ങളുടെ നിരാഹാരസമരം വഴി പരിഹാരം കാണാമെന്ന മട്ടിൽ രംഗത്തുവന്നവരാണ് അന്നാഹസാരെയും രാംദേവും.

സിവിൽ സൊസൈറ്റിയുടെ പേരിൽ സമരം ചെയ്ത ഹസാരയെ വമ്പിച്ച തോതിൽ ഊതി വീർപ്പിച്ചു, ഡൽഹിയിലെ മീഡിയ. ഇവർക്ക് ആളെകൂട്ടാൻ ചില കേന്ദ്രങ്ങൾ പണം മുടക്കി ഏർപ്പാടുകൾ ചെയ്തു. ഈ പ്രശ്നത്തെ ലഘൂകരിക്കുകയും, അരാഷ്ട്രീവൽക്കരിക്കുകയും ചെയ്യുന്ന ഈ സമീപനത്തിന്റെ പ്രാ ണേതാക്കൾ ജനാധിപത്യത്തേയും ജനാധിപത്യ പ്രസ്ഥാനങ്ങളെയും, ജനങ്ങളുടെ പങ്കിനേയും നിസ്സാരവത്ക്കരിച്ചു കാണാൻ ശ്രമിച്ചു. പല സ്ഥാപിത താൽപര്യങ്ങളും ഇതിന്റെ പിന്നിലണിനിരന്നു. ഈ വഴിയിലൂടെ മുന്നോട്ടുള്ള യാത്രയുടെ അപകടം മുൻകൂട്ടിക്കാണുന്നതിൽ പരാജയപ്പെട്ട കേന്ദ്രസർക്കാർ ഈ സമര ക്കാരുടെ മുൻപിൽ കീഴടങ്ങി. ആരും പ്രതീക്ഷിക്കുകപോലും ചെയ്യാത്ത ഒരു ദയനീയമായ കീഴടങ്ങലാ യിരുന്നു അത്.

ഒരിക്കൽ മനുഷ്യരക്തത്തിന്റെ സ്വാദനുഭവിച്ച കടുവ 'നരഭോജി' ആയി മാറുന്ന ദൃശ്യമാണ് അടുത്ത രംഗത്ത് നാം രാംദേവിലൂടെ ദർശിച്ചത്. സംശയകരമായ ഇടപാടുകളിലൂടെ സമ്പാദിച്ച വൻ സമ്പത്തും, കണക്കില്ലാത്ത കോടികളുടെ സ്വത്ത് സ്വദേശത്തും വിദേശത്തും സ്വന്തമായുള്ള രാംദേവ് ആർ എസ് എസിന്റെയും ബിജെപിയുടെയും പരസ്യമായ അനുഗ്രഹത്തോടെയാണ് രംഗത്തിറങ്ങിയത്. ഒരു ഘട്ടത്തിൽ സായുധ സമര ഭീഷണിയും ഇദ്ദേഹം മുഴക്കി. സ്വന്തം ജെറ്റ് വിമാനത്തിൽ ഡൽഹിയിൽ എത്തിയ ഈ സന്യാസിയെ ചുവന്ന പരവതാനി വിരിച്ച് സ്വീകരിച്ചു കേന്ദ്രസർക്കാർ. നാലുപ്രമുഖരായ കേന്ദ്രമന്ത്രിമാർ വിമാനത്താവളത്തിലിദ്ദേഹത്തെ സ്വീകരിച്ചു. അനന്തമായ കൂടിയാലോചനകൾ, വാഗ്ദാനങ്ങൾ, ഹോട്ടലിൽ രഹസ്യ കൂടിക്കാഴ്ച, ഒത്തുതീർപ്പാകുന്നുവെന്ന പ്രഖ്യാപനം, ഇവയൊക്കെ നടത്തിയാണ് കേന്ദ്രസർക്കാർ രാംദേവിനെ ആകാശത്തോളം വലുതാക്കിയത്. രാംദേവിനും തോന്നി താൻ ശരിക്കും വലിയവനാണെന്ന്. തുടർന്നുള്ള രാംദേവിന്റെ നടപടികൾ അസഹനീയമായി കേന്ദ്രസർക്കാരിന്. ആദരിച്ചവർതന്നെ പൊലീസിനെ അയച്ച് അർദ്ധരാത്രിയിൽ തികച്ചും മനുഷ്യത്വരഹിതവും, ക്രൂരവും, ജനാധിപത്യവിരുദ്ധ വുമായ മർദ്ദന നടപടികളിലൂടെ രാംദേവിനേയും കൂട്ടാളികളേയും ഡൽഹിയിൽ നിന്നും ''തല്ലിയോടിച്ചു''.

ഹരിദ്വാറിൽ അനിശ്ചിതകാല നിരാഹാരം തുടർന്ന രാംദേവ് ഇന്നലെയാണ് നിരാഹാരം അവസാനിപ്പിച്ചത്. വാഗ്ദത്തമായ ജൻ ലോക്പാൽ നിയമം ആഗസ്റ്റ് 15ന് മുൻപ് പാസാക്കിയില്ലെങ്കിൽ താൻ മരണം വരെ യുള്ള ഉപവാസം അടുത്ത ദിവസം മുതൽ തുടങ്ങുമെന്ന് അന്നാഹസാരെ പ്രഖ്യാപിച്ചുകഴിഞ്ഞു.

ഇനി എന്തുചെയ്യും. സമരക്കാർക്കും സർക്കാരിനും വലിയ നിശ്ചയമില്ല ഇക്കാര്യത്തിൽ.



രാംദേവ്


അന്നാഹസാരെ

ഒരു ജനാധിപത്യ രാജ്യത്തിലാണ് തങ്ങൾ ജീവിക്കുന്നതെന്നും സമരം ചെയ്യുന്നതെന്നുമുള്ള പ്രാഥമിക കാര്യം വിസ്മരിച്ചവരാണ് ഈ സമരക്കാർ. ആ പരമാർത്ഥം മറന്നവരാണ് യുപിഎ സർക്കാരിൻ നേതൃത്വം നൽകുന്നവരും.

ഒരു പ്രശ്നത്തെ ഇതിനേക്കാൾ വഷളാക്കി കൈകാര്യം ചെയ്യാൻ മറ്റാർക്കും കഴിയുകയില്ലെന്നു തെളിയിച്ചു യുപിഎ സർക്കാരും, പ്രധാനമന്ത്രിയും കൂട്ടുകാരും.

ഇത്തരം സന്ദർഭങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളെ വിളിച്ചുകൂട്ടി പ്രശ്നം പരിഹരിക്കുന്നതിൻ സമവായം സൃഷ്ടിക്കുക എന്നതാണ് ഏത് ഭരണാധികാരിയും ജനാധിപത്യത്തിൽ സ്വീകരിക്കുന്ന ഒരു സാധാരണ നടപടിക്രമം. ഇതുവരെ യുപിഎ സർക്കാർ അതുവഴിക്ക് ചിന്തിച്ചതേയില്ല. എന്തൊരു പാപ്പരത്തം. ഇനിയും വൈകിയിട്ടില്ല, ആവഴിക്കു ചിന്തിക്കുവാൻ. ജനാധിപത്യത്തിൽ ഭരണ–പ്രതിപക്ഷ രാഷ്ട്രീയ കക്ഷികളൊക്കെ ഒരുമിച്ചിരുന്ന് പ്രശ്നപരിഹാരം കാണുന്ന പ്രക്രിയയ്ക്ക് വിരാമമിടുക വഴി, സർക്കാരും അരാഷ്ട്രീയ ശക്തികളുടെ കൈയ്യിൽ കളിച്ച് ജനാധിപത്യത്തിന് ഭീഷണി സൃഷ്ടിക്കുകയാണ്.

ഈ പറഞ്ഞതിനേക്കാൾ സങ്കീർണ്ണവും ഗൗരവമുള്ളതുമായിരുന്നു പ്രശ്നം എങ്കിൽ പാർലമെന്റിന്റെ പ്രത്യേക സമ്മേ ളനം വിളിച്ച് പ്രശ്നം ചർച്ച ചെയ്യാം.

അടിച്ചമർത്തൽ ഒട്ടും അഭിലഷണീയമായൊരു മാർഗ്ഗമല്ല, സായുധ സമരവും.

ജനാധിപത്യത്തെയും ജനാധിപത്യ പ്രസ്ഥാനങ്ങളെയും രക്ഷിക്കാനാഗ്രഹിക്കുന്നവരുടെ മുൻപിൽ മറ്റൊരു മാർഗ്ഗമില്ല, പ്രശ്നപരിഹാരത്തിന്. അരാഷ്ട്രീയവൽക്കരണം വഴി സമരക്കാരും സർക്കാരും തകർക്കുന്നത് ജനാധിപത്യത്തെയാണ്.